Page 1 of 2

കുട്ടികളേയും ഇത്തരം പദ്ധതികളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇവ നടപ്പാക്കുന്നതാണ്. വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സാമൂഹ്യസേവന മനോഭാവം വളർത്തുന്ന തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ

184 (794) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

കോവിഡ്-19 പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാ തിരുന്നതിനാൽ പരമാവധി സാധ്യായദിനങ്ങൾ ലഭ്യമാകുന്നവിധത്തിൽ അവധിദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനംവഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധി എന്നവസാനിക്കുമെന്നും സ്കൂളുകൾ എപ്പോൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും മുൻകൂട്ടി കാണുന്നതിന് ആർക്കും കഴിയുമായിരുന്നില്ല. എന്നാൽ ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് അവരുടെ അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ക്കൊണ്ടിരിക്കുകയുമാണ്. പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് ആവശ്യമായതും ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുവേണ്ടിയും പ്രത്യേകം ക്ലാസ്സുകൾ തയ്യാറാക്കി കുട്ടികൾക്ക് ലഭ്യമാക്കും. കുട്ടികളുടെ പഠന സമയത്തുള്ള പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനായി വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. അവർക്ക് പഠനത്തിലാവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും സ്കൂൾതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്. ഇതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയല്ലാതെ സ്കൂൾതലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ ?

ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനം ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനായി ജി-സ്യൂട്ട് പ്ലാറ്റ്ഫോം കൈറ്റ് സജ്ജമാക്കിയിട്ടുമുണ്ട്. ഘട്ടംഘട്ടമായി ഓൺ ലൈൻ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ട്രയൽ, പൈലറ്റ് ക്ലാസുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്കായി വ്യത്യസ്ത ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് മാർഗ്ഗനിദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

കൈറ്റ് വിക്ടേഴ്സ്, വെബ് പോർട്ടൽ, യൂട്യൂബ് ചാനലുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്ന ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ ക്ലാസ്സുകളും ഈ വർഷം ക്രമീകരിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ അതത് അദ്ധ്യാപകർതന്നെ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന രീതിയിലായതിനാൽ മീഡിയം ബാധകമല്ല. എന്നാൽ ഡിജിറ്റൽ ക്ലാസ്സുകൾ മലയാളം, തമിഴ്, കന്നട മീഡിയങ്ങളിൽ നിലവിൽ ലഭ്യമാക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം കുട്ടികൾക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിലായിരുന്നു കഴിഞ്ഞ വർഷം മലയാളം മീഡിയം ക്ലാസ്സുകൾ സംപ്രേഷണം ചെയ്തിരുന്നത്. ഈ വർഷം ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ പ്രത്യേകമായി സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികളുടെ മാനസികമായ പ്രശ്നങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം മുഖേന സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ പലതരത്തിലുള്ള പ്രയാസങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നാൽ അത്തരം പ്രയാസങ്ങളും മാനസിക സംഘർഷവും പരമാവധി ഇല്ലാതാക്കുന്നതിന് കഴിഞ്ഞ വർഷം വിക്ടേഴ്സിലൂടെ പ്രത്യേക പരിപാടികളും സംപ്രേഷണം ചെയ്തിരുന്നു. ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർമാരുൾപ്പെടെ വിദഗ്ധരെ ഉൾപ്പെടുത്തി 'മാനസികാരോഗ്യം' , 'അതിജീവനം' എന്നീ പ്രത്യേക പരിപാടികളും ഈ വർഷം സംപ്രേഷണം ചെയ്തിട്ടുണ്ട്. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരോട് കുട്ടികളുമായി നേരിട്ട് ബന്ധപ്പെടാനും ആവശ്യമായ മാനസികവും പഠനപരവുമായ പിന്തുണ നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സഹായകമായി കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താനും നിരന്തരം നിരീക്ഷിക്കാനും 'സഹിതം' എന്ന ഡിജിറ്റൽ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ കൗൺസിലേഴ്സിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.